LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരത്തിൽ അതതു വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ലാത്തവ ഒന്നും തന്നെയില്ല.

(ബി)

വർഷം	വകയിരുത്തിയ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിക്കാൻ സാധിക്കാതിരുന്ന തുക (ലക്ഷത്തിൽ)
2011-12	1150.00	932.06 (81.05%)	217.94
2012-13	609.00	544.49 (89.41%)	64.51
2013-14	725.00	556.75 (76.79%)	168.25
2014-15	760.00	452.18 (59.50%)	307.82
2015-16	760.00	154.66 (20.35%) 31-1-16 വരെ	605.34 31-1-16 വരെ

അതതു വർഷം ചെലവഴിച്ച തുക അതത് സാമ്പത്തിക വർഷംതന്നെ പിൻവലിച്ചു. ഇത്തരത്തിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ഒരു തുകയും ബാക്കിയില്ല.

(സി) റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

വർഷം	തുക
2011-12	420 ലക്ഷം
2012-13	70 ലക്ഷം
2013-14	140 ലക്ഷം
2014-15	ഇല്ല

നിക്ഷേപകർക്ക് സംരംഭങ്ങൾ

193 (168) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ

സംസ്ഥാനത്ത് വിവിധ മേഖലകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് നടത്തിയ സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ സംരംഭത്തിന്റെയും ഫലമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പുതിയ സ്വകാര്യ നിക്ഷേപങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും അവ ഓരോന്നും ഏതെല്ലാം മേഖലയിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപങ്ങളുടെ ഫലമായി സംസ്ഥാനത്തിന് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ വളർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും, സംസ്ഥാനത്തെ വ്യവസായ വികസനത്തിനും, നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനുമായി, വ്യവസായ വകുപ്പ് എമർജിംഗ് കേരള 2012, യെസ്, വി മിഷൻ 2015 മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി 2015, 2016 എന്നീ വർഷങ്ങളിൽ കൊച്ചിയിൽ വച്ച് 'ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് ' സംഘടിപ്പിച്ചു. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്.

കേരളത്തിലെ വിദ്യാർത്ഥി/യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതി ലേക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി 'യെസ് ക്യാൻ 2015 ' എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും സംഘടിപ്പിച്ചു.

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുക യുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വ സമ്മേളനം 2015 (WE Summit 2015), WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. കിൻഫ്രയുടെ Electronic Manufacturing Cluster

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുമായി ബന്ധപ്പെട്ട് Indian Electronic Semi Conductor Association-നുമായി ചേർന്ന് 2015 നവംബറിൽ ബാംഗ്ലൂരിൽ ഒരു ബി ടു ബി മീറ്റ് സംഘടിപ്പിച്ചിരുന്നു. മറ്റു വകുപ്പുകൾ നടത്തിയ നിക്ഷേപക സംഗമങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ഇതിൽ 56 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികൾ കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ 209 കോടി രൂപയുടെ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2314 ചെറുകിട/ഇടത്തരം സംരംഭകരെ കണ്ടെത്തുകയും ആയതിൽ 759 പേർ യൂണിറ്റ് ആരംഭിക്കുകയും 100.015 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ആയതുവഴി 16325 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും അതിലൂടെ 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. Electronic Manufacturing Cluster പദ്ധതിയുമായി ബന്ധപ്പെട്ട് കിൻഫ്ര ബാംഗ്ലൂരിൽ നടത്തിയ ബി ടു ബി മീറ്റിൽ Electronic, Semi Conductor മേഖലയിലുള്ള രണ്ട് നിക്ഷേപകരുമായി നിക്ഷേപ സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുന്നുണ്ട്. നിക്ഷേപ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ചർച്ചയുടെ അന്തിമ ഘട്ടത്തിലേ വ്യക്തമാകുകയുള്ളൂ. ഇവ കൂടാതെ കൊല്ലം ജില്ല ചെറുകിട വ്യവസായ അസോസിയേഷനുമായി ചേർന്ന് 2016 ജനുവരിയിൽ കൊല്ലത്ത് ഒരു നിക്ഷേപ സംഗമവും സംഘടിപ്പിച്ചിരുന്നു. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

2014-15 സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുകയുടെ വിശദാംശം

194 (169) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ ഓരോ വകുപ്പും സറണ്ടർ ചെയ്ത തുക എത്ര ; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly